# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2157  23.03.2012-ലെ മറുപടിയ്ക്ക്

## അങ്കമാലി - ശബരി റെയിൽപ്പാത

**ചോദ്യം** | **ഉത്തരം**

ശ്രീ. ജോസ് തെറ്റയിൽ

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അങ്കമാലി - ശബരി റെയിൽപ്പാതയ്ക്കായി അനുവദിച്ച തുക കാര്യക്ഷമമായി വിനിയോഗിക്കുന്നതിൽ റെയിൽവെ കാണിക്കുന്ന അനാസ്ഥയ്ക്കെതിരെ സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) യും (ബി) യും | 15.01.2008 –ലെ G.O(Ms)2/2008/Tran പ്രകാരം അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ സ്ഥലമെടുപ്പ് നടപടികൾ ഫാസ്റ്റ് ട്രാക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി യിട്ടുള്ളതാണ്. അങ്കമാലി - ശബരി റെയിൽവേ ലൈനിനായി സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുള്ളത് എറണാകുളം ജില്ലയിൽ മാത്രമാണ്. സ്ഥലമെടുപ്പ് നടപടികൾക്കായി ഒന്നാം ഘട്ടത്തിൽ നേരത്തെ 47 കോടി രൂപ റെയിൽവേ അനുവദിച്ചതിൽ പ്രസ്തുത തുക മുഴുവനും പെരുമ്പാവൂർ പൊന്നുംവില തഹസിൽദാർ കക്ഷികൾക്ക് വിതരണം |
| (ബി) | അങ്കമാലി - ശബരി റെയിൽപ്പാതയ്ക്കായി ഭൂമി വിട്ടു നൽകാൻ തയ്യാറായവർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി അനുവദിച്ചിട്ടുള്ള തുക വിതരണം ചെയ്യുന്നതിലെ കാലതാമസം വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്.<br>ഇനിയും എറണാകുളം ജില്ലയിലെ പത്ത് വില്ലേജുകളിൽ നിന്ന് ഫാസ്റ്റ് ട്രാക്ക് പദ്ധതി പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിലേക്കായി 152.57 കോടി രൂപ അടിയന്തിരമായി ആവശ്യമുണ്ട്.<br>2011-12 സാമ്പത്തിക വർഷം 32 കോടി രൂപ അനുവദിച്ചിട്ടുണ്ടായിരുന്നു എങ്കിലും ആയത് വിതരണം ചെയ്യുന്നതിലേക്ക് ടി പ്രോജക്ടിന്റെ പുതുക്കിയ എസ്റ്റിമേറ്റിന് റെയിൽവേ മന്ത്രാലയത്തിന്റെ അനുമതി ലഭിക്കാത്തതിന്റെ പേരിൽ ടി തുക വിതരണം ചെയ്യാൻ കഴിഞ്ഞില്ല.<br>അങ്കമാലി - ശബരി റെയിൽവേ ലൈനിനു വേണ്ടി സ്ഥലം വിട്ടുകൊടുത്ത വർക്കുള്ള നഷ്ടപരിഹാര ത്തുക അടിയന്തിരമായി ലഭ്യമാക്കുന്നത് സംബന്ധിച്ച് 19.09.2011 ൽ ബഹു.കേന്ദ്ര റെയിൽവേ മന്ത്രി പങ്കെടുത്ത എം.പി.മാരുടെ യോഗത്തിൽ പ്രസ്തുത വിഷയം വിശദമായി ചർച്ച ചെയ്യുകയും മതിയായ തുക അനുവദിക്കുന്നത് സംബന്ധിച്ച് വിശദമായ നിവേദനം അദ്ദേഹത്തിന് |

| | | | |
|---|---|---|---|
| | | | സമർപ്പിച്ചിട്ടുള്ളതുമാണ്.<br>ഈ പദ്ധതിയുടെ അടങ്കൽ തുകയുടെ 50% സംസ്ഥാന സർക്കാർ വഹിക്കണമെന്ന റയിൽവേയുടെ ആവശ്യം പരിഗണിക്കാൻ കഴിയുകയില്ല എന്നറിയിച്ചുകൊണ്ടും പദ്ധതി നടത്തിപ്പിന് അനുഭാവ പൂർവ്വമായ സമീപനം ഉണ്ടാകണം എന്നാവശ്യപ്പെട്ടു കൊണ്ടും ബഹു. മുഖ്യമന്ത്രി 3 പ്രാവശ്യം കേന്ദ്ര റയിൽവേ മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. |
| (സി) | നഷ്ടപരിഹാരം എന്നത്തേയ്ക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | റെയിൽവെയിൽ നിന്നും മതിയായ ഫണ്ടും അനുമതിയും ലഭ്യമാകുന്ന മുറയ്ക്ക് നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ